# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.453

## 29-10-2019 ൽ മറുപടിക്ക്

## കിഫ്ബി പ്രവൃത്തികളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന നടന്നുവരുന്ന വലിയ വികസന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കിഫ്ബി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ; | കിഫ്ബി മുഖേന നടന്നുവരുന്ന വലിയ വികസന പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഇൻസ്പെക്ഷൻ അതോറിറ്റി നടത്തുന്ന സ്ഥിരമായുള്ള ഇൻസ്പെക്ഷനുകൾ സഹായിക്കുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിങ്ങിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.<br>i. **ഓട്ടോ ലാബ്**: മെറ്റീരിയലുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകൽപ്പന ചെയ്തിട്ടുള്ള സംവിധാനം ആണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തു നടത്തുന്നു.<br>ii. **ഡ്രോൺ ബേസ്ഡ് ക്വാളിറ്റി / പ്രോഗ്രസ്സ് മോണിറ്ററിങ് സിസ്റ്റം**: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശചിത്രങ്ങളെടുക്കുകയും പ്രവത്തനങ്ങളുടെ പുരോഗതി മനസിലാക്കുകയും ചെയ്യുന്നു.<br>iii. **സെൻട്രൽ ടെസ്റ്റിംഗ് ലാബ്**: KIIFB ആസ്ഥാനത്തു പ്രവൃത്തിക്കുന്ന പൂർണമായും സജ്ജീകരിച്ച ലാബ്. ഫീൽഡുകളിലും നിന്നും ശേഖരിക്കുന്ന |

| | |
|---|---|
| | സാമ്പിളുകൾ പരിശോധിക്കുകയും തിരിച്ചറിയുകയും ചെയ്യുന്നു.<br>iv.**നോൺ-ഡിസ്ട്രക്റ്റീവ് ടെസ്റ്റിംഗ് എക്വിപ്മെന്റ്**: കിഫ്ബിയുടെ അത്യാധുനിക ഉപകരണങ്ങൾ വികസനപ്രവർത്തനങ്ങളെ തടസപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു.<br>v. **ക്വാളിറ്റി മോണിറ്ററിങ് സ്റ്റുഡിയോ**: പ്രവർത്തനങ്ങളുടെ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്റ്റുഡിയോ നിർമാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ദൃശ്യങ്ങളെടുക്കുകയും സി.ഇ.ഒ , മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ബോർഡ് അത് വിലയിരുത്തുകയും ചെയ്യുന്നു.<br>vi. **നെറ്റ് വർക്ക് ലാബ് സിസ്റ്റം** : നൂതന സാങ്കേതികോപകരണങ്ങൾ ഉപയോഗിച്ച് മെറ്റീരിയലുകളുടെ അത്യാധുനിക ടെസ്റ്റിംഗ് ലാബ്.<br>vii. **ടെക്നിക്കൽ റിസോഴ്സ് സെൻറർ:** സെൻറർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം പദ്ധതി നിർവ്വഹണ ഏജൻസികൾക്കാവശ്യമുള്ള സാങ്കേതികസഹായങ്ങളും ലഭ്യമാക്കുന്നു. |
| (ബി) കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാൽ ഏതെങ്കിലും പ്രവൃത്തികൾ താല്ക്കാലികമായി നിർത്തിവെക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് അറിയിക്കാമോ? | കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) വിഭാഗത്തിന്റെ നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാൽ സംസ്ഥാനത്ത് നിർമാണത്തിലിരിക്കുന്ന 12 പദ്ധതികൾ താൽകാലികമായി നിർത്തിവെക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർത്തിവെക്കപ്പെട്ട പദ്ധതികളിൽ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ് കോ എന്നീ സ്ഥാപനങ്ങൾ മേൽനോട്ടം വഹിക്കുന്ന താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുന്നു.<br>1. ആയൂർ – ഇത്തിക്കര റോഡ്<br>2. പേരാമ്പ്ര-ചെറുവണ്ണൂർ-വടകരറോഡ്<br>3. കല്ലടുക്ക-ചെർക്കള റോഡ് |

| | |
|---|---|
| | 4. പാങ്ങോട്-കടക്കൽ -ചിങ്ങേലി-ചടയമംഗലം റോഡ്<br>5. അമരവിള-ഒറ്റശേഖരമംഗലം റോഡ്<br>6. കള്ളിക്കാട്-പാറശാല ഹിൽ ഹൈവേ<br>7. കൈതവന-പഴയനടകാവ്-അമ്പലപ്പുഴ-വടക്കേനട റോഡ്<br>8. ഗവൺമെൻറ് ബോയ് സ് എച്ച് എച്ച് എസ് കായംകുളം<br>9. കണ്ണശ്ശ സ്മാരക എച്ച് എസ് എസ് കടപ്ര<br>10. ഗവൺമെന്റ് ഗേൾസ് എച്ച് എസ് എസ് ആറ്റിങ്ങൽ<br>11. ഗവൺമെന്റ് ബോയ്സ് എച്ച് എസ് എസ് അടൂർ<br>12. തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം എടവ |

ജോയിന്റ് സെക്രട്ടറി